പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*130 | 01-11-2019-ലെ മറുപടിയ്ക്ക്

## വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.കെ. ശശീന്ദ്രൻ<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.ആർ. രാജേഷ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്ക് 15.10.2019 വരെ 1386.2415 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം വിളനാശമായി കണക്കാക്കിയിരിക്കുന്നത്. ഇവ കൂടാതെ, ഉരുൾ പൊട്ടലിൽ ബണ്ടുകൾ തകർന്നതും, കൃഷിയിടത്തിൽ മണ്ണും ചെളിയും അടിഞ്ഞതും, പമ്പ് സെറ്റുകളുടെ കേടുപാടിനും, കൃഷിയിടങ്ങളിലെ വെള്ളക്കെട്ടും കാരണം ഉണ്ടായ നാശത്തിന് ഏകദേശം 10 കോടിയുടെ ആനുകൂല്യം നൽകേണ്ടതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഫാമുകൾക്ക് ഏകദേശം 3.5 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) | വ്യാപകമായ രീതിയിൽ കൃഷിനാശം സംഭവിച്ച സാഹചര്യത്തിൽ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ കാർഷിക വായ്പകളും വിദ്യാഭ്യാസ വായ്പകളും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിൻമേലുമുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയിരുന്നു. തുടർന്ന് 2019 മെയ് 27-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിൻമേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| **(സി)** | വിളനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്; | **(സി)** | വിളനാശം സംഭവിച്ച കർഷകർക്ക് വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ.എഫ് ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത വിളകൾക്ക് പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും, കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റ പണികൾക്കും, ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ് കൃത പദ്ധതികളായ പ്രധാന മന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 54 കോടി രൂപ ഉൾപ്പെടെ ഡിപ്പാർട്ടമെന്റ് വിഹിതമായി 164.51 കോടി രൂപയും എസ് ഡി ആർ എഫ് വിഹിതമായി 181.522592 കോടി രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 53.2609073 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| **(ഡി)** | നഷ്ടത്തിൽ നിന്ന് കരകയറാൻ കർഷകർക്ക് കാർഷിക വായ്പകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | **(ഡി)** | ഉണ്ട്. 2019-ലെ പ്രളയത്തെത്തുടർന്ന് കൂടിയ പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാന പ്രകാരം അർഹരായ കർഷകർക്ക്, കാർഷികാവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും, ഭൂമിയുടെ വിസ്തീർണ്ണം, വിളവിന്റെ സ്വഭാവം എന്നിവ അനുസരിച്ചും മാർജിനോ |

| | | | |
|---|---|---|---|
| | | | അധിക ഈടോ ഇല്ലാതെ പുതിയ വായ്പ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കർഷകർ 25.11.2019-നുള്ളിൽ ബന്ധപ്പെട്ട ശാഖകളിൽ അപേക്ഷ നൽകേണ്ടതാണ്. കന്നുകാലികൾ, കാർഷികോപകരണങ്ങൾ, മറ്റു കാർഷികാവശ്യങ്ങൾ എന്നിവയ്ക്കായും ആവശ്യാനുസരണം പുതിയ വായ്പ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. അർഹതയുള്ള നെൽകർഷകർക്ക് പലിശ രഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തിരം നൽകി വരുന്നു.<br>കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br>കർഷകരുടെ ദീർഘകാല വിളകൾക്കു വേണ്ട പുതിയ ലോണുകളുടെ 9% വരെയുള്ള പലിശ, വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് സർക്കാർ നൽകുന്നു.<br>കർഷകർക്ക് കൃഷിക്കും മറ്റു ആവശ്യങ്ങൾക്കുമായി വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ കിസ്സാൻ ക്രഡിറ്റ് കാർഡിലൂടെ നൽകി വരുന്നുണ്ട്. |
| (ഇ) | ഈ സാഹചര്യത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (ഇ) | കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുവാൻ ആവശ്യമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>2019 - 2020 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന കിലോയ്ക്ക് 18.15 രൂപ എന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ഇൻസന്റീവ് ബോണസായി കിലോ ഒന്നിന് 8.80 രൂപ എന്ന ക്രമത്തിൽ കിലോ ഒന്നിന് ആകെ 26.95 രൂപ നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോ ഒന്നിന് 27/- രൂപ എന്ന നിരക്കിൽ സംഭരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി റബ്ബർ ഉല്പാദക |

| | | | |
|---|---|---|---|
| | | | ഇൻസന്റീവ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. റബ്ബർ ഷീറ്റ്/ ലാറ്റക്സിന്റെ പ്രതിദിന വിലയെ അടിസ്ഥാനമാക്കിയാണ് ഇൻസെന്റീവ് നിശ്ചയിക്കുന്നത്. അടിസ്ഥാന വില കിലോഗ്രാമിന് 150 രൂപയാണ്. വിപണി വിലയിൽ ടി വിലയിൽനിന്നും താഴുമ്പോൾ ഉണ്ടാകുന്ന വില വ്യത്യാസമാണ് ഇൻസെന്റീവ് ആയി റബ്ബർ ഉല്പാദക സമിതികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകർക്ക് നൽകിവരുന്നത്. |

**സെക്ഷൻ ഓഫീസർ**